സാമൂഹ്യക്ഷേമ ഡയറക്ടറുടെ നടപടിക്രമങ്ങൾ
(നിലവിൽ : M.S. ജയ I A S)

തിരുവനന്തപുരം,
ഉത്തരവ് നം. ഇ5-31116/12 തീയതി: 05.10.2012.
=========================== =====================

വിഷയം: സാമൂഹ്യക്ഷേമ വകുപ്പ് - ജീവനക്കാര്യം - ചിൽഡ്രൻസ് ഹോം, കോട്ടയം - ജീവനക്കാരെ സ്ഥലംമാറ്റി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: കോട്ടയം ജില്ലാ സാമൂഹ്യക്ഷേമ ഓഫീസറുടെ 4.10.12 ലെ B-2262/12 നമ്പർ കത്ത്.

കോട്ടയം ചിൽഡ്രൻസ് ഹോം അന്തേവാസിയായ അനുമോൻ അഗസ്റ്റിൻ എന്ന കുട്ടിയെ കെയർ ടേക്കർമാർ മർദ്ദിക്കുകയും കെയർടേക്കർമാരെ പോലീസ് അറസ്റ്റ് ചെയ്ത് ജാമ്യത്തിൽ വിടുകയും ചെയ്ത സംഭവത്തെ കുറിച്ച് അന്വേഷണം നടത്തി മേൽ പരാമർശിത കത്ത് പ്രകാരം കോട്ടയം ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർ സമർപ്പിച്ച അന്വേഷണ റിപ്പോർട്ടിൽ കോട്ടയം ചിൽഡ്രൻസ് ഹോമിന്റെയും, ഹോമിലെ ജീവനക്കാരുടെയും പ്രവർത്തനം തൃപ്തികരമല്ലെന്നും അറിയിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ കോട്ടയം ചിൽഡ്രൻസ് ഹോമിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ഭരണപരമായ സൗകര്യം കണക്കിലെടുത്തും പൊതു താൽപര്യം മുൻനിർത്തിയും കോട്ടയം ചിൽഡ്രൻസ് ഹോമിലെ ചുവടെ പേര് ചേർത്തിട്ടുള്ള ജീവനക്കാരെ അവരുടെ പേരിനുനേരെ രേഖപ്പെടുത്തിയിട്ടുള്ള കാര്യാലയങ്ങളിൽ മാറ്റി നിയമിച്ച് ഉടൻ പ്രാബല്യത്തിൽ വരത്തക്ക വിധം ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | ജീവനക്കാരന്റെ പേരും തസ്തികയും | മാറ്റി നിയമിക്കുന്ന കാര്യാലയവും തസ്തികയും | പകരം നിയമനം നൽകുന്ന ഉദ്യോഗസ്ഥന്റെ പേരും തസ്തികയും ഇപ്പോൾ ജോലി ചെയ്യുന്ന കാര്യാലയവും | അഭിപ്രായം |
|---|---|---|---|---|
| 1. | ശ്രീ. K. സുരേന്ദ്രൻ, സൂപ്രണ്ട്, ജുവനൈൽ ഹോം കോട്ടയം | സൂപ്രണ്ട്, ഗവ. വൃദ്ധ മന്ദിരം പത്തനംതിട്ട | ശ്രീ.P.P. ചന്ദ്രബോസ്, സീനിയർ സൂപ്രണ്ട്, പ്രോഗ്രാം ഓഫീസ്, കോട്ടയം | കോട്ടയം ജില്ലാ സാമൂഹ്യക്ഷേമ ഓഫിസിലെ ജൂനിയർ സൂപ്രണ്ട് ശ്രീ.ടോമി ജോസഫിന് പ്രോഗ്രാം ഓഫീസിലെ സീനിയർ സൂപ്രണ്ടിന്റെ അധിക ചുമതല നൽകുന്നു. |